**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3538** **27-06-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ വിളവിറക്കിയ നെൽകൃഷിയുടെ വിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ നടത്തിയ നെൽകൃഷിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; | (എ) | **തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ നടത്തിയ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :**<br><br>**സീസൺ** \| **വിസ്തൃതി (ഹെക്ടർ )**<br>വിരിപ്പ് \| 1624.81<br>മുണ്ടകൻ \| 13576.08<br>പുഞ്ച \| 8547.18<br>**ആകെ** \| **23748.07** |
| (ബി) | പ്രസ്തുത വിസ്തൃതിയിൽ കൃഷി ഇറക്കുന്നതിന് വേണ്ടതായ നെൽവിത്തിന്റെ അളവ് എത്രയാണെന്ന് അറിയിക്കാമോ; | (ബി) | 1899.846 ടൺ |
| (സി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് നെൽവിത്ത് വിതരണം ചെയ്യുന്നതെന്ന വിവരം ലഭ്യമാക്കാമോ; | (സി) | കേരള സംസ്ഥാന വിത്ത് വികസന ഏജൻസി (കെ.എസ്.എസ്.ഡി.എ), നാഷണൽ സീഡ്സ് കോർപറേഷൻ (എൻ.എസ്.സി), കേരള കാർഷിക സർവ്വകലാശാല, പാടശേഖര സമിതികൾ, സ്റ്റേറ്റ് സീഡ് ഫാമുകൾ. |
| (ഡി) | കഴിഞ്ഞ സീസണിൽ പ്രസ്തുത ഏജൻസികൾ വഴി കർഷകർക്ക് ആവശ്യത്തിന് വിത്തുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ഡി) | കഴിഞ്ഞ സീസണിൽ കെ.എസ്.എസ്. ഡി.എ, എൻ.എസ്.സി, കേരള കാർഷിക സർവ്വകലാശാല, പാടശേഖര സമിതികൾ, സ്റ്റേറ്റ് സീഡ് ഫാമുകൾ എന്നീ ഏജൻസികൾ വഴി കർഷകർക്ക് ആവശ്യമായ 1899.846 ടൺ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ സീസൺ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br><br>**സീസൺ** \| **അളവ് (ടൺ)** |

<table>
<tr><td></td><td></td><td></td><td><table><tr><td>വിരിപ്പ്</td><td>129.986</td></tr><tr><td>മുണ്ടകൻ</td><td>1086.086</td></tr><tr><td>പുഞ്ച</td><td>683.774</td></tr></table></td></tr>
<tr><td>(ഇ)</td><td>സർക്കാർ ഏജൻസികൾ വഴി മതിയായ വിത്ത് ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ ഏജൻസികളിൽ നിന്നും ഗുണമേന്മയില്ലാത്ത വിത്തുകൾ വാങ്ങി വിളവിറക്കുന്നതുമൂലം ഉല്പാദനം കുറയുമെന്നതിനാൽ ഇത്തവണ കൃഷിക്ക് ഗുണമേന്മയുള്ള വിത്തുകൾ ആവശ്യത്തിന് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?</td><td>(ഇ)</td><td>ഉണ്ട്. വിരിപ്പ് കൃഷിക്കാവശ്യമായ വിത്ത് (142.922 ടൺ) വിതരണം ചെയ്തിട്ടുണ്ട്. മുണ്ടകൻ കൃഷിക്ക് ആവശ്യമുള്ള വിത്തിന്റെ അളവ് കേരള സംസ്ഥാന വിത്ത് വികസന ഏജൻസി (കെ.എസ്.എസ്.ഡി.എ), നാഷണൽ സീഡ്സ് കോർപറേഷൻ (എൻ.എസ്.സി), കേരള കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് സീഡ് ഫാം എന്നിവർക്ക് നൽകിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ